# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി7/508 /21
തി:25/ 03/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി7/508 /21 തീയ്യതി: 25/03/2021
തി:25/ 03/21

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 20-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-03-2021 | 10-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-03-2021 | 10-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി മണിലാൽ ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.മനു കെ നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദു നായർ, ഓഡിറ്റർ
ശ്രീമതി.അനു കെ ആനന്ദ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുലോചന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ജോൺ ഡെസ്മൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. കൃഷ്ണ എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എസ് | | | |
| ഡോ.ശ്യാം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.നൗഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.അഷ്ന പുരുഷോത്തമൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 30-04-2019 |
| ഡോ.ഷിഹാൻ മുഹമ്മദ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-05-2019 | 29-05-2019 |
| ഡോ.നിസ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 30-05-2019 | 31-03-2020 |
| ഡോ.ഹീര രത്നം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 15-08-2019 |
| ഡോ.ബീന | മെഡിക്കൽ ഓഫീസർ ആയുർവേദം | 16-08-2019 | 31-03-2020 |
| ഡോ.ദിലീപ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജമീലാ ബീവി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.പുഷ്പലത എസ് | ഐ സി ഡി എസ് സൂപ്പർവൈസര് | 01-04-2019 | 31-03-2020 |
| ശ്രീമതി.അജിത എം വി | വി ഇ ഒ | 01-04-2019 | 20-11-2019 |
| ശ്രീമതി.സന്ധ്യ സി എസ് | വി ഇ ഒ | 21-11-2019 | 31-03-2020 |
| ശ്രീ. അനോയി വി നായർ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീബ എം കെ | വി ഇ ഒ വെട്ടിലത്താഴം | 01-04-2019 | 13-06-2019 |
| ശ്രീ. അനോയി വി നായർ | വി ഇ ഒ വെട്ടിലത്താഴം(ചാർജ്) | 13-06-2019 | 31-03-2020 |
| ശ്രീമതി. ആഷ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2020 | 31-03-2020 |
| ശ്രീമതി. പ്രബിഷ പി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-12-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Manilal V (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manilal V (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Bindhu Nair (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Anu K.Anand (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Manilal V (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-9 |
| 12 | വാടക ഈടാക്കിയിട്ടില്ല<br>Written By: Bindhu Nair (Auditor, On 08-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-10 |
| 13 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി.<br>Written By: Manilal V (Audit Officer, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-11 |
| 14 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.<br>Written By: Manilal V (Audit Officer, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-12 |
| 15 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയല്ല.<br>Written By: Manilal V (Audit Officer, On 09-03-2021)<br>Last Updated By: Naveen Chandran (Audit Officer, On 20-03-2021) | 1-13 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Bindhu Nair (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-14 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Bindhu Nair (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-15 |
| 18 | അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെഇ-ടെണ്ടർ ഫീ ഒടുക്കുവരുത്തിയിട്ടില്ല.<br>Written By: Bindhu Nair (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-16 |
| 19 | ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്ക്കൂട്ടർ-ലേണേഴ്സ് ലൈസൻസ് മാത്രമുള്ള വ്യക്തിക്ക് അനുവദിച്ചു. | 1-17 |

| | | |
|---|---|---|
| | Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | |
| 20 | കറവ പശുകൾക്ക് ധാതുലവണ മിശ്രിതം-വിതരണ രേഖ ഹാജരാക്കിയില്ല<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-18 |
| 21 | ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പ്രോജക്ടിൽ വിശദമായ എസ്റ്റിമേറ്റ് ഇല്ല<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-19 |
| 22 | അംഗനവാടി വാട്ടർകണക്ഷൻ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കില്ല്<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-20 |
| 23 | നെൽകൃഷി വികസനം-പാട്ടകൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട കരാർ ഹാജരാക്കിയില്ല<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-21 |
| 24 | എസ് സി വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങിയ ഒരു ലാപ് ടോപ്പും 14ഒപ്റ്റിക്കൽ സ്ക്രോൾ മൗസും വിതരണം ചെയ്തിട്ടില്ല.<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-22 |
| 25 | മരുന്നുകൾ / ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-23 |
| 26 | നെൽകൃഷി വ്യാപനത്തിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തുന്നില്ല.<br>Written By: Manu K Nair (Asst. Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Anu K.Anand (Auditor, On 11-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anu K.Anand (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 19-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

07.02.2019 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10.03.2020 തീയതിയിലെ 7(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 08.06.2020 | | |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നാളിതുവരെ പണമാക്കാത്ത 07.07.2017 ലെ 1000/- രൂപയുടെ 067922 നമ്പർ ചെക്ക്, 17.01.2017 ലെ 1,120/- രൂപയുടെ 016101 നമ്പർ ചെക്ക് എന്നിവ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-2-2 വാർഷിക ധനകാര്യ പത്രികയിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1.വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2.ഡി & ഒ ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ വാർഷിക ധനകാര്യ പത്രിക പ്രകാരം 2,200/- രൂപയും രജിസ്റ്റർ പ്രകാരം 1000/- രൂപയുമാണ്.

3.ബി 9 ഷെഡ്യൂളിൽ Government And Other Dues Payable - CGST എന്ന ഹെഡിൽ 29,798/ - രൂപയും

Government And Other Dues Payable -SGST എന്ന ഹെഡിൽ 29,798/ - രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വൗച്ചർ നം. 5200039/21.04.2020 പ്രകാരം CGST എന്നയിനത്തിൽ 29,348/- രൂപയും വൗച്ചർ നം. 5200040/21.04.2020 പ്രകാരം SGST എന്നയിനത്തിൽ 29,348/- രൂപയുമാണ് യഥാർത്ഥത്തിൽ അടവാക്കിയത്.

4.ബി 9 ഷെഡ്യൂളിൽ Government And Other Dues Payable – Flood Cess എന്ന ഹെഡിൽ 13,780 /- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വൗച്ചർ നം. 5200041/21.04.2020 പ്രകാരം Flood Cess എന്നയിനത്തിൽ 3,261/- രൂപയാണ് യഥാർത്ഥത്തിൽ അടവാക്കിയത്.

5. ബി 11(എ) ഷെഡ്യൂളിൽ Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6.ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതമായി ലഭിച്ച തുകയിൽ നിന്നും തൻവർഷം എസ്.സി ഗുണഭോക്താക്കൾക്ക് നൽകിയ 5,53,379/- രൂപ ചെലവ് പത്രികയിൽ ( സുലേഖ സ്റ്റേറ്റ്മെന്റ് ) ഉൾപ്പെട്ടിട്ടില്ല.

7.ബെനിഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ വിവിധ പദ്ധതികൾക്കായി 2019-20 വർഷം വരവ് വന്ന 10,97,122/- രൂപ 2019-20 വർഷം തന്നെ ചെലവുചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി 4 ഷെഡ്യൂളിൽ Benificiary Contribution എന്ന ഹെഡിൽ മുന്നിരിപ്പ് തുകയായ 56,480/ - രൂപ ഉൾപ്പടെ 1,23,518/ - രൂപ നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 56491640 |
| വരവ് | 146218899 |
| ആകെ | 202710539 |
| ചെലവ് | 136127465 |
| നീക്കിയിരിപ്പ് | 66583074 |
| വരവിനങ്ങളിലുള്ള നഷ്ടം | . |
| | . |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 648356 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | 2019-20 വർഷം ക്യൂബിൽ ആയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 27875000 | 27875000 | 26331091 | 1543909 | 959785/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16152706 | 16152706 | 10595678 | 5557028 | 15,61,309/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Untied) | 0 | 21310253 | 21310253 | 9276326 | 12033927 | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 7308000 | 7308000 | 3908214 | 3399786 | 13,91,569/- |
| മെയിന്റനൻസ് ഫണ്ട്( റോഡ്) | 0 | 11052000 | 11052000 | 5445259 | 5606741 | 18,56,127/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണ ശുചിത്വം | 3804100 | 0 | 3804100 | 140000 | 3664100 | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 18390000 | 18390000 | 16993379 | 1396621 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| അങ്കണ വാടികളുടെ അടിസ്ഥാന സൗകര്യ വികസനം | 82000 | 0 | 82000 | 0 | 82000 | |
| Other Grants And Contribution | 718842 | 24918 | 743760 | 0 | 743760 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3065034 | 2244908 | 5309942 | 3800000 | 1509942 | |
| MNREGS | 22175 | 1253310 | 1275485 | 1271033 | 4452 | |
| സമ്പൂർണ്ണശുചിത്വം | 736637 | 25559 | 762196 | 0 | 762196 | |

ലഭ്യമായ ഗ്രാന്റുകളിൽ 2,81,41,391/ - രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/<br>ലാപ്പ്സായതുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 1543909 |
| വികസനഫണ്ട്(എസ്.സി.പി) | 5557028 |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Untied) | 12033927 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 5606741 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 3399786 |
| ആകെ | 28141391 |

നീക്കിയിരുപ്പ് / ലാപ്സായ തുകയിൽ 2019-20 വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെടുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 285 | 314792205 | 139 | 115972379 | 123 | 23 | 36.84 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (7/19-20)

2)സ്വയം തൊഴിൽ സംരംഭക യൂണിറ്റിന് ഭൂമി വാങ്ങൽ(13/19-20)

3)ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങൽ (21/19-20)

4)എ.കെ ആഡിറ്റോറിയം പുളിവിള റോഡ് മെയിന്റനൻസ്(46/19-20)

5)ടി എസ് പി ഫണ്ട് തിരിച്ചടവ്(54/19-20)

6)കൽക്കുളം തട്ടാർക്കോണം റോഡ് അറ്റകുറ്റപ്പണികൾ(59/19-20)

7)ആനക്കുഴി അമ്പലം റോഡ് ഇന്റർലോക്ക് (77/19-20)

8)സുന്നി ജംഗ്ഷൻ തച്ചന്റഴികം റോഡ് കോൺക്രീറ്റ്(84/19-20)

9)മങ്ങാട്ട് ചേരി റോഡ് കോൺക്രീറ്റും സൈഡ്‌വാൾ നിർമമാണവും(100/19-20)

10)വടക്കേമുക്ക് ചേരിക്കോണം ലക്ഷം വീട് കനാൽ റോഡ് കോൺക്രീറ്റ്(111/19-20)

11)കെ എ പി റോഡ് കോൺക്രീറ്റ് (118/19-20)

12)പൊയ്കയിൽ എം ജി യു പി സ്കൂൾ റോഡ് കോൺക്രീറ്റും ഇന്റർ ലോക്കും(128/18-19)

13)ആയുർവേദ നേത്ര ചികിൽസാ ക്യാമ്പും മരുന്നുകൾ(141/19-20)

14)അങ്കണവാടി ടെമ്പിൾ വെസ്റ്റ് ബ്ലോക്ക് ഓഫീസ് റോഡ് മെയിന്റനൻസ്(143/19-20)

15)അനുപൂരക പോഷകാഹാരം(എസ് സി)(157/19-20)

16)കേരഗ്രാമം(186/19-20)

17)ടാക്സി പിക്കപ്പ് വാൻ വാങ്ങി നൽകൽ(എസ് സി)(193/19-20)

18)സെന്റ് സാലിസ് ഇറക്കം സ്റ്റെപ്പ് നിർമ്മാണം കൈവരിയും(207/19-20)

19)ബാലാജി മുക്ക് കല്ലിയത്ത് മുക്ക് റോഡ് ഇന്റർലോക്കിംഗ്(220/19-20)

20)ഇടപ്പാംതോട് സർവ്വീസ് സ്റ്റേഷന് റോഡ് കോൺക്രീറ്റ്(293/19-20)

21)ട്രാൻസ് ഫോർമർ തയ്ക്കാവ് മുക്ക് റോഡ് റീടാറിംഗ് റീ കോൺക്രീറ്റും ഇന്റർലോക്കും

22)മുഖത്തവ ൈൽ പി സ്കൂൾ ക്ലാസ് റൂം എ സിയാക്കൽ

23)75-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22175 | 1474960 | 1497135 | 1492683 | 4452 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22290362 | 22290362 | 222290362 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 354480 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 1690200 | 352 |
| വിധവാപെൻഷൻ | 14816400 | 3184 |
| വാർദ്ധക്യകാലപെൻഷൻ | 17516400 | 4087 |
| വികലാംഗപെൻഷൻ0 | 5040800 | 933 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 110400 | 28 |
| | | |

| | | |
|---|---|---|
| വിവാഹ ധനസഹായം | 210000 | 7 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2021 3.30 PM ന് സ്ഥാപന മേധാവി ശ്രീ. റ്റി. സുരേഷ്കുമാർ, സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,59,889/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവ് ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം. 58725/എഫ്.എം.3/18/ ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

1-10 വാടക ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികളിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേർ / വിലാസം | കടമുറി | വാടക | ആകെ | ഈടാക്കിയത് | ഈടാക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | ജെറിഷ് മുഹമ്മദ്, കൊച്ചാലഴികം, കണ്ണനല്ലൂർ | സിംഗിൾ ഷട്ടർ മാർക്കറ്റ്, സ്റ്റാൾ നം.1 | 4750/- | 57000/- | 47270/- | 9730/- |
| 2 | ഷാനിഫ, സുൾഫിക്കർ മൻസിൽ, കണ്ണനല്ലൂർ | ജില്ല പഞ്ചായത്ത് ബിൽഡിംഗ് നം. 2 | 10320/- | 123840/- | 92880/- | 30960/- |
| | | | | | ആകെ | 40690/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വറിക്ക് മേൽ സൂചിപ്പിച്ച് വ്യക്തികളിൽ നിന്നും റവന്യൂ റിക്കവറി നടപടിലൂടെ തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ നടപടിയിലൂടെ തുക ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-11 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി.

പ്രോജക്റ്റ് നം. : 61/20
പേര് : എം.ആർ.ജംഗ്ഷൻ ഇന്റർലോക്കിംഗ്

അടങ്കൽ: 1,75,000/-
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
സാങ്കേതികാനുമതി: നം.834/16.5.2019
കരാർ നം.: 21/എ.ഇ./19-20/25.7.2019
കരാറുകാരൻ : ശ്രീ ദീപേഷ് കുമാർ (10% കുറവ് നിരക്ക്)
ചെലവ് : 1,56,420/-രൂപ
ബിൽ നം. : (1) 43/22.10.2019=142109/-
(2) 77/26.2.2020=14311/-
എം.ബുക്ക് നം. : 2/19

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തിയുടെ ഒന്നാമിനമായി 32.148 ക്യൂബിക് മീറ്റർ കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറച്ചതിന് ഡി.എസ്.ആർ. കോഡ് 50.2.25.1 പ്രകാരം ക്യൂബിക് മീറ്ററിന് 441.51/- രൂപ നിരക്കിൽ 12,775/- രൂപ ടെണ്ടർ കുറവ് വരുത്തിയശേഷം നൽകിയിട്ടുണ്ട്. ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ റോഡിന് ഇന്റർലോക്കിംഗ് ചെയ്യുന്ന ടി പ്രവൃത്തിയിൽ ഏകദേശം 2 മീറ്റർ വീതിയിൽ ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ. കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 282.64/-(കോസ്റ്റ് ഇൻഡക്സ്-41.85%) എന്ന നിരക്കാണ്.
ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;
അനുവദിച്ച നിരക്ക് :32.148*441.51= 14194
(-)ടെണ്ടർ കുറവ്(10%) <u>1419</u>
12775/-
അനുവദനീയമായ നിരക്ക് :32.148*282.64= 9086
(-)ടെണ്ടർ കുറവ്(10%) <u>909</u>
8177
അധികം നൽകിയത് : 4,598/-രൂപ(12775-8177)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അധികം നൽകിയ തുക കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.3/8.3.2021

<u>1-12 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില ജി.എസ്.ടി. ഉൾപ്പെടെ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില 238/- രൂപ നിരക്കിൽ 18% ജി.എസ്.ടി. ഉൾപ്പടെ |
|---|---|---|---|---|
| 1. | പ്രോജക്ട് നം. : 245/20(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര്: ലനിൻ കോളനി പനങ്ങോട് റോഡ് മെറ്റലിംഗം ടാറിംഗം<br>അടങ്കൽ: 6,00,000/- | 1510+805 | 15 | 4215 |

| | | | | |
|---|---|---|---|---|
| | ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കരാർ നം.: 53/എ.ഇ./17-18/5.1.2018<br>കരാറുകാരൻ : ശ്രീ ഹസൻ ബി.കെ.ബി.<br>എം.ബുക്ക് നം. :48/18<br>ചെലവ് : 5,59,944/-രൂപ<br>ബിൽ നം.:(1) 17/12.6.2019<br>(2)18/12.6.2019 | | | |
| 2. | പ്രോജക്റ്റ് നം. : 278/20(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര്: കിഴവൂർ പമ്പ് ഹൗസ് ആറാട്ട് മുക്ക് റോഡ് മെയിന്റനൻസ്<br>അടങ്കൽ: 3,58,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്<br>കരാർ നം.: 76/എ.ഇ./18-19/13.8.2018<br>കരാറുകാരൻ : ശ്രീ എസ്. പ്രദീപ്<br>എം.ബുക്ക് നം. :74/19<br>ചെലവ് : 3,56,838/-രൂപ<br>ബിൽ നം.: 27/26.7.2019 | 1044+557 | 10 | 2810 |
| 3. | പ്രോജക്റ്റ് നം. : 273/20(സ്പിൽ ഓവർ)<br>പ്രവത്തിയുടെ പേര്: ആറാട്ട് മുക്ക്-തുണ്ടിൽ റോഡ് റീ ടാറിംഗ്<br>അടങ്കൽ: 4,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്<br>കരാർ നം.: 74/എ.ഇ./18-19/13.8.2018<br>കരാറുകാരൻ : ശ്രീ എസ്. പ്രദീപ്<br>എം.ബുക്ക് നം. :72s /19<br>ചെലവ് : 3,95,685/-രൂപ<br>ബിൽ നം.: 29/26.7.2019 | 3306+308 | 23 | 6463 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അധികം നൽകിയ തുക കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.4/9.3.2021

1-13 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയല്ല.

പ്രോജക്റ്റ് നം. : 272/20(സ്പിൽ ഓവർ)

പ്രവത്തിയുടെ പേര്: സെന്റ് ആൻസ് സ്കൂൾ റോഡ് മെയിന്റനൻസ്
അടങ്കൽ: 2,00,000/-
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്
സാങ്കേതികാനുമതി: നം.16220/18-19/21.5.2018
കരാർ നം.: 56/എ.ഇ./18-19/13.8.2018
കരാറുകാരൻ : ശ്രീ പി.ബൈജു (0.1% കുറവ്)
എം.ബുക്ക് നം. :42/19
ചെലവ് : 1,98,486/-രൂപ
ബിൽ നം.: 22/20.7.2019

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സെന്റ് ആൻസ് സ്കൂൾ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയ്ക്കായി മേൽ സൂചിപ്പിച്ച പ്രകാരം ആകെ 1,98,486/- രൂപ ചെലവഴിച്ചിട്ടുണ്ട്. 13.8.2018-ന് കരാർവെച്ച് സൈറ്റ് കൈമാറിയ പ്രവൃത്തി 12.12.2018-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 3.4.2019- ന് ആണ്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ(2012-ൽ പുതുക്കിയത്) ഖണ്ഡിക

2112-1 പ്രകാരം കരാറുകാരനായ ശ്രീ പി.ബൈജു കാലാവധി തീരുന്നതിന് മുമ്പ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയായ 1,99,800/- രൂപയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ആകെ 3,197/- രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ 13.12.2018മുതൽ 3.4.2019 വരെ = 16
ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് = 1,99,800*0.1%*16= 3,197/- രൂപ.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ലിക്വിഡേറ്റഡ് ഡാമേജ് കരാറുകാരിൽനിന്നും ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.4/9.3.2021

<u>1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2019-20 വർഷത്തെ തൊഴിൽ നികുതി (രജിസ്റ്ററും, സ്റ്റേറ്റ്മെന്റും) പരിശോധിച്ചതിൽ താഴെ പറയും പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | സ്ഥാപന തൊഴിൽ നികുതി അർദ്ധ വർഷം |
|---|---|---|
| 1 | കെ എസ് ഇ ബി, കണ്ണനല്ലൂർ | I |
| 2 | സുപ്രീം ട്രെഡേഴ്സ്,കണ്ണനല്ലൂർ | I, II |
| 3 | സെന്റ് ആൻസ് ഇംഗ്ലീഷ് മിഡിയം സ്കൂൾ | II |
| 4 | ക്വയിലോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് , മുഖത്തല | II |
| 5 | ബി എസ് എൻ എൽ, കണ്ണനല്ലൂർ | I, II |
| 6 | എം ഇ എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 7 | നാഷണൽ പബ്ലിക്ക് സ്കൂൾ | I, II |
| 8 | മാവേലി സ്റ്റോർ, ഡീസന്റ് ജം. | II |
| 9 | അൻസാരി സാമിൽ, മൈലാപ്പൂർ | I, II |
| 10 | ധന്യ സൂപ്പർ മാർക്കറ്റ്, കണ്ണനല്ലൂർ | II |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് സ്ഥാപന തോഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തോഴിൽ നികുതി ഈടാക്കി വിവരം അറിക്കേണ്ടതാണ്.

എൻക്വയറി നം. 2/8.3.2021

<u>1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും, സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | തൊഴിൽ നികുതി അർദ്ധ വർഷം |
|---|---|---|
| 1 | ക്വയിലോൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് , മുഖത്തല | II |
| 2 | നാഷണൽ പബ്ലിക്ക് സ്കൂൾ | II |
| 3 | എം ഇ എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 4 | കൈരളി താബൂക്ക് ഇൻഡസ്ട്രി , കിഴവൂർ | II |

മേൽ അപാകതയക്ക് വിശദീകരണം നൽകാൻ എൻക്വയറിക്ക് നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

1-16 അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെഇ-ടെണ്ടർ ഫീ ഒടുക്കുവരുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 143184/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ-ലേണേഴ്സ് ലൈസൻസ് മാത്രമുള്ള വ്യക്തിക്ക് അനുവദിച്ചു.

പ്രോജക്ട്നം.SO.235/18

ബിൽ നം:1/24.8.19

വികസന ഫണ്ട്: 80010/-രൂപ (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

330460/- രൂപ വകയിരുത്തി സ്പിൽ ഓവറായി നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ പ്രോജക്ടിൽ ലേണേഴ്സ് ലൈസൻസ് മാത്രമുള്ള വ്യക്തിക്ക് ട്രൈസ്കൂട്ടർ അനുവദിച്ചു നൽകി.

ശ്രീ.രാജസേനൻ പിള്ള.വി.വട്ടത്രാമലവീട്, പാങ്കോണം എന്ന വ്യക്തിക്കാണ് ട്രൈസ്കൂട്ടർ നൽകിയിട്ടുള്ളത്. പിശോധനയ്ക്ക് ഹാജരാക്കിയ രേഖകളിൽ ലേണേഴ്സ് ലൈസൻസ് മാത്രമാണ് ലൈസൻസായി ഉള്ളത്. ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ ഉപയോഗിക്കുന്നവ്യക്തികൾ Invalid Carriage Vechicle License ഉള്ളവർ ആയിരിക്കണം.അപകടങ്ങൾ ഉണ്ടാകുമ്പോൾ ശരിയായ ലൈസൻസ് ഉള്ളവർക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. ആയതിനാൽ ശ്രീ.രാജസേനൻ പിള്ള.വി Invalid Carriage Vechicle License എടുത്തു എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതലയാണ്. ശ്രീ. രാജസേനൻ പിള്ള. വി യുടെ Invalid Carriage Vechicle License പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മതിയായ രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകിയ 80010/- രൂപ തടസ്സത്തിൽവെയ്ക്കുന്നു. ശ്രീ. രാജസേനൻ പിള്ള. വി യുടെ Invalid Carriage Vechicle License ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽവെയ്ക്കുന്ന തുക: 80010/-രൂപ

ഓഡിറ്റ് എൻക്വയറി നം.: 12/10.03.2021

1-18 കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം-വിതരണ രേഖ ഹാജരാക്കിയില്ല

പ്രോജക്ട്നം: 182/20

ചെലവ്: 124000/-(വികസനഫണ്ട്)

ബിൽനം; 13/16.12.19:80000/-

:17/7.2.20: 44000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജ്ജൻ

കറവ പശുക്കൾക്ക് ധാതുലവണ മിശ്രിതം എന്ന പ്രോജക്ടിൽ

124 വ്യക്തികൾക്ക് വേണ്ടി 124000/-രൂപ കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 123 പേർക്ക് മാത്രമാണ് കേരമിൻ ധാതുലവണ മിശ്രിതം നൽകിയിട്ടുള്ളൂ.

1000/-രൂപ വില വരുന്ന 10 പായ്ക്കറ്റ് കേരമിൻ ധാതുലവണ മിശ്രിതമാണ് ഓരോ വ്യക്തിയ്ക്കും വിതരണം ചെയ്തിട്ടുള്ളത്. ഒരാൾക്ക് കേരമിൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ചോദിച്ചതിൽ ഒരു ഗുണഭോക്താവ് ഒപ്പിടാതെ പോയി എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ വിതരണം ചെയ്തു എന്ന് പറയുന്ന വ്യക്തിയുടെ വിതരണ വിവരം രേഖാമൂലം നൽകേണ്ടതാണ്. വിതരണ രേഖ ഹാജരാക്കുന്നത് വരെ 1000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

തടസ്സത്തിൽവെയ്ക്കുന്ന തുക: 1000/-രൂപ

ഓഡിറ്റ് എൻക്യയറി നം.: 9/9.03.2021

1-19 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പ്രോജക്ടിൽ വിശദമായ എസ്റ്റിമേറ്റ് ഇല്ല

പ്രോജക്ട്നം: 284/20

ചെലവ്: 400000/-

ചെക്ക് നം./തീയതി: 7203/8.11.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

കണ്ണനല്ലൂർ, മുഖത്തല ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പ്രോജക്ടിൽ(284/19) നിർവ്വഹണ ഏജൻസിയായ കെൽ വിശദമായ എസ്റ്റിമേറ്റ് നൽകിയില്ല.

തനത്ഫണ്ടിൽ നിന്നും 400000/- രൂപ ചെലവഴിച്ച പ്രോജക്ടിൽ സർക്കാർ സ്ഥാപനമായ കെൽ-നെ പദ്ധതി നേരിട്ട് ഏൽപ്പിക്കുകയായിരുന്നു. സാധാട്യൂബ് സെറ്റുകൾ മാറ്റി മെയിന്റനൻസ് നടത്തി എൽഇഡി ലൈറ്റുകൾ സ്ഥാപിക്കുക എന്നതാണ് പ്രോജ്ക്ടിൽ വിഭാവനം ചെയ്തത്. മെയിന്റനൻസ് തുക, എൽഇഡി ലൈറ്റുകൾക്ക് വേണ്ട തുക എത്രയെന്നുള്ള എസ്റ്റിമേറ്റ് കെൽ ഹാജരാക്കിയിട്ടില്ല. ആകെ 200000/-രൂപ വീതമുള്ള 2 ഓഫർ ലെറ്റർ മാത്രമാണ് കെൽ ഹാജരാക്കിയിട്ടുള്ളത്. പിഡബ്ള്യൂഡി ഇലക്ട്രിക്കൽ വിഭാഗം എൻജിനീയറുടെയൊ കെൽ-ന്റെയൊ എസ്റ്റിമേറ്റ് ഇല്ലാതെ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽ-ൽ നിന്നുള്ള വിശദമായ എസ്റ്റിമേറ്റും വിശദമായ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ ചെലവഴിച്ച 400000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.വിശദമായ എസ്റ്റിമേറ്റും വിശദമായ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽവെയ്ക്കുന്ന തുക: 400000/-രൂപ

ഓഡിറ്റ് എൻക്യയറി നം.: 10/9.03.2021

1-20 അംഗനവാടി വാട്ടർകണക്ഷൻ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കില്ല്

പ്രോജക്ട്നം: 15/20

ചെലവ്: 131881/-

ചെക്ക് നം./തീയതി: 1) 7360/02.03.2020 – 15504/-രൂപ
2)7366/04.03.2020 – 88111/-രൂപ
3) 7411/31.03.2020 – 28266/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

അംഗനവാടി വാട്ടർകണക്ഷൻ പ്രോജക്ടിൽ 76(7934രൂപ), 55(20332രൂപ), 72(7294രൂപ), 74(9214രൂപ), 50(8574രൂപ), 51(39581രൂപ), 91(10110രൂപ), 90(28842രൂപ) എന്നീ നമ്പർ അംഗനവാടികളിൽ പൈപ്പ് കണക്ഷൻ സ്ഥാപിക്കുന്നതിന് കേരളവാട്ടർ അതോറിറ്റി കൊല്ലത്തിന് 131881-രൂപ നൽകിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച 131881/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽവെയ്ക്കുന്ന തുക: 131881/-രൂപ

ഓഡിറ്റ് എൻക്യയറി നം.: 10/9.03.2021

1-21 നെൽകൃഷി വികസനം-പാട്ടകൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട കരാർ ഹാജരാക്കിയില്ല

പ്രോജക്ട്നം. 151/19

ചെലവ്:

വികസന ഫണ്ട്: 1403033/-രൂപ (ജനറൽ)

ബിൽ നം: 20/13.3.20/128255

17/13.3.20/429875

18/7.2.20/42375

14/24.12.20/249978

12/16.12.19/28000

3/30.8.19/423750

2/20.8.20/100800

ബ്ളോക്ക് വിഹിതം: 398208

ബിൽ നം: 124.01.20/143208

10/12.11.20/255000

നിർവ്വഹണ ഉദ്യോഗസ്ഥ: കൃഷി ഓഫീസർ

നെൽകൃഷി വികസനം ബിൽ നം. 14/24.01.2020പ്രകാരം ജൈവവളത്തിനും കൂലിചെലവിനുമായി 249978/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മണിണ്ടൻപിള്ള , കരോട്ട് വീട്,ചെന്താപ്പൂര് എന്ന വ്യക്തിക്ക് 158 സെന്റ് നെൽകൃഷി ചെയ്ത വകയിൽ 8927/- രൂപ നൽകിയിട്ടുണ്ട്. ടിയാൻ ഹാജരാക്കിയ കരച്ചീട്ടിൽ വേലായുധൻപിള്ള, വടക്കോട്ട് പുത്തൻ വീട്,മേക്കാട് പൻമന എന്ന വ്യക്തിയുടെ പേരാണ് ഉള്ളത്. എന്നാൽ കരച്ചീട്ടിൽ ഉൾപ്പെട്ട വ്യക്തിയുമായി പാട്ടകൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട കരാർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കരാർ ഇല്ലാതെ കൃഷി ചെയ്യുന്നെന്ന് അവകാശപ്പെട്ട് വന്ന മണിണ്ടൻപിള്ളയ്ക്ക് സബ്സിഡി ആനുകൂല്യം നൽകിയതിന്റെ കാരണം ബോധ്യപ്പെടുത്തേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മതിയായ കരാറിന്റെ അഭാവത്തിൽ 8927/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. കരാർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സത്തിൽവെയ്ക്കുന്ന തുക: 8927/-രൂപ

ഓഡിറ്റ് എൻക്വയറി നം.: 7/9.03.2021

<u>1-22 എസ് സി വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങിയ ഒരു ലാപ് ടോപ്പും 14ഒപ്റ്റിക്കൽ സ്ക്രോൾ മൗസും വിതരണം ചെയ്തിട്ടില്ല.</u>

പ്രോജക്ട്നം: 82/19

(വികസനഫണ്ട്എസ് സിപി)

ബിൽ നം:: 32/13.03.2020:317842/-രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ് സി വിദ്യാർത്ഥി/ വിദ്യാർഥിനികൾക്ക് ലാപ് ടോപ്പ് നൽകൽ എന്ന പ്രോജെക്ടിൽ 14 ലാപ്ടോപ്പുകൾക്ക് വേണ്ടി 317842/-രൂപ കേരള സ്റ്റേറ്റ്- ഐറ്റി മിഷനിൽ ഒടുക്കി Lenova കമ്പനിയുടെ 13 ലാപ്ടോപ്പുകൾ എസ് സി വിദ്യാർത്ഥി/ വിദ്യാർഥിനികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ബിരുദ, ബിരുദാനന്തരം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയ ലാപ് ടോപ്പുകളിൽ പ്രഫോർമ ഇൻവോയിസിൽ RV200105004394 ഒപ്റ്റിക്കൽ സ്ക്രോൾ മൗസ് ഉൾപ്പടെ വിതരണം ചെയ്യുന്നതിനാണ് കെൽട്രോൺ എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളത്. വിതരണം ചെയ്യാതെ ഒരു ലാപ് ടോപ്പ് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

വിതരണം ചെയ്യാത്ത ലാപ് ടോപ്പിന്റെ ഭൗതിക പരിശോധനയിൽ ലാപ് ടോപ്പിനോടൊപ്പം ഒപ്റ്റിക്കൽ സ്ക്രോൾ മൗസ് ലഭിച്ചിട്ടില്ലായെന്നു ബോധ്യപ്പെട്ടിട്ടുണ്ട്. ലാപ് ടോപ്പ് വിതരണം ചെയ്ത കെൽട്രോൺ എന്ന സ്ഥാപനം 14 ലാപ് ടോപ്പിനോടൊപ്പം ഒപ്റ്റിക്കൽ സ്ക്രോൾ മൗസ് വിതരണം ചെയ്തിട്ടില്ല. 14 ഒപ്റ്റിക്കൽ സ്ക്രോൾ മൗസിന്റെ വില നികുതി ഉൾപ്പടെ 4130/- രൂപയാണ്. 14 ഒപ്റ്റിക്കൽ സ്ക്രോൾ മൗസ് ലഭ്യമാകാത്തതു സംബന്ധിച്ചും, ഒരു ലാപ് ടോപ്പ് വിതരണം ചെയ്യാത്തതു സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒരു ലാപ്ടോപ്പിന്റെ വിലയായ 22703/-രൂപയും, 13

ഒപ്റ്റിക്കൽ സ്റ്റോൾ മൗസിന്റെ (13x295) വിലയായ 3835/- രൂപയും ഉൾപ്പടെ 26538/-തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി: 8/9.3.21

തടസത്തിൽ വെയ്ക്കുന്ന തുക: 26538/-രൂപ

1-23 മരുന്നുകൾ / ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ മുഖേന മരുന്ന് വാങ്ങുന്നതിനായി 4,50,000/- രൂപയും വീൽചെയർ വാങ്ങുന്നതിനായി 9,147/- രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്.കൂടാതെ പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനായി 59,405/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ 99,340/- രൂപയുടെ മരുന്നുകളും വീൽചെയറും പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീനും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | K.M.S.C.L/ കെൽട്രോണിന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി ചെക്ക് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./ തീയതി | ലഭിച്ച മരുന്നുകളുടെ/ ഉപകരണങ്ങളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 197/2019-2020 ആർദ്രം മിഷൻ എഫ് എച്ച് സിയിൽ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും ഉപകരണങ്ങൾ വാങ്ങലും തനത് ഫണ്ട് അടങ്കൽ 355000 ചെലവ് 302552 | വീൽചെയർ 9147/- രൂപ | 18871/24.02.2020 | PRF 4207/29.01.2020 | | 9,147/-രൂപ |
| 150/2019-20 പാലിയേറ്റീവ് കെയർ വികസന ഫണ്ട് ജനറൽ അടങ്കൽ 800000 ചെലവ് 726895 തനത് ഫണ്ട് 30000 ചെലവ് 28960 | 3,05,739/- രൂപ | 08/19-20 /19.12.2019 | PRF 2575/20.11.2019 | 226450 | 79289 |
| | 1,44,261/-രൂപ | 13/19-20/26.02.20 | PRF 4331/26.02.20 | 124210 | 20051 |
| 197/2019-2020 ആർദ്രം മിഷൻ | പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് | 07367/ | PRF 14928/03.02.2020 | | 59405 |

| | | | | | | |
|---|---|---|---|---|---|---|
| എഫ് എച്ച് സിയിൽ അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തലും ഉപകരണങ്ങൾ വാങ്ങലും തനത് ഫണ്ട് അടങ്കൽ 355000<br>ചെലവ് 302552 | മെഷീൻ<br>59,405/- രൂപ | 04.03.2020 | | | | |

99,340/- രൂപയുടെ മരുന്നുകൾ, 9,147/- രൂപയുടെ വിൽചെയർ, 59,405/- രൂപയുടെ പ്രിന്റർ കം ഫോട്ടോസ്റ്റാറ്റ് മെഷീന് ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുടെ അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.11/10.03.21

<u>1-24 നെൽകൃഷി വ്യാപനത്തിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തുന്നില്ല.</u>

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിന്റെ കൃഷി ഓഫീസർ ലഭ്യമാക്കിയ കണക്ക് പ്രകാരം കൃഷിചെയ്ത് വരുന്ന 1244 ഹെക്ടർ കൂടാതെ ഉപയോഗിക്കാൻ കഴിയുന്ന ആകെ 110 ഹെക്ടർ പാടശേഖരം തരിശായി കിടക്കുന്നു. ഇതിൽ കൃഷിക്ക് അനുയോജ്യമായത് ആകെ 15 ഹെക്ടറാണുള്ളത്.

<u>2018-19 വർഷം ചെയ്ത നെൽകൃഷിയുടെയും, 2019-2020 വർഷം ചെയ്തനെൽകൃഷിയുടെയും വിവരം താഴെ പറയുന്നു.</u>

<u>2018-2019</u>

| പാടശേഖരസമിതി | കൃഷി ചെയ്ത ഹെക്ടർ | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| വെട്ടിലതാഴം | 20 | 830000 |
| ചെറിയേല | 4 | 166000 |
| തട്ടാർകോണം | 16 | 226000 |
| ആകെ | 40 | 1222000 |

<u>2019-20</u>

| പാടശേഖരസമിതി | കൃഷി ചെയ്ത ഹെക്ടർ | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| വെട്ടിലതാഴം | 20 | 830000 |
| ചെറിയേല | 10 | 415000 |
| തട്ടാർകോണം | 9 | 373500 |
| പുതുച്ചിറ | 19 | 788500 |
| ആകെ | 58 | 2407000 |

വെട്ടിലത്താഴം, ചെറിയേല പാടശേഖരങ്ങളിൽ 2019-20-ൽ കൃഷി വ്യാപിക്കുന്നതിൽ കുറവാണ് കാണുന്നത്. എന്നിരുന്നാൽ തന്നെ മറ്റ് പാടശേഖരങ്ങളിൽ കൃഷി കൂടുതൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ജലദൗർലഭ്യം പാടശേഖരം കൃഷി യോഗ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്നു.</u>

110 ഹെക്ടറിൽ ജലദൗർലഭ്യമൂലമാണ് 95 ഹെക്ടർ പാടശേഖരം കൃഷി യോഗ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. ത്രിക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ 25 കുളങ്ങളും, 12 തോടുകളും, ഒരു സർക്കാർ കനാൽ ഉണ്ട്. കൂടാതെ വലിയ ഏലാ തോടുകളും, തലച്ചിറ ബണ്ടും ഉണ്ട്. എന്നാൽ ഇവയൊടൊക്കെ, മണ്ണ് നീക്കം ചെയ്തത് ആഴം കൂട്ടി സൈഡ് വാൾ കെട്ടി നവീകരിക്കാത്തതിനാൽ വലിയ ജലദൗർലഭ്യമാണ് കർഷകർ നേരിടുന്നത്. ആയതിനാൽ സമഗ്രമായ നവീകരണം നടത്തിയാലെ നെൽകൃഷിയും അനുബന്ധ കൃഷിയും വ്യാപിക്കാൻ കഴിയുകയുള്ളു. കൂടാതെ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിന്റെ കൃഷിയിടങ്ങൾ കൂടുതൽ

യന്ത്രവൽക്കരണമാകേണ്ടതുണ്ട്. പഞ്ചായത്തിന്റെ കൈവശം ഒരു ട്രാക്ടർ മാത്രമാണുള്ളത്. കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, നടീൽ യന്ത്രം, എന്നിവ കൂടി ലഭ്യമായാൽ കൂടുതൽ സമഗ്ര നെൽകൃഷി സാധ്യമാകും.

പാടശേഖരങ്ങളിൽ ജല ലഭ്യതയ്ക്കുള്ള നടപടികൾ സ്വീകരിച്ച് തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യാനുള്ള നടപടികൾ പഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 02.03.2021- 03.03.2021 | കെ.എസ്.എ.കെ.എൽ.എം.പി7/08/2021 / 25.02.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചയത്ത് | 2019-20 | 147095 | 44/19 ലൈഫ് എസ് സി പി | 147095 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 382188 | 249/20 ലൈഫ് എസ് സി പി | 350000 | 0 |
| | | 250000 | 286/20 | 0 | 250000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41,62,000/- രൂപ വരവുണ്ട്. മുൻബാക്കി 2,54,77,188/- രൂപയടക്കം 2,96,39,188/- രൂപയിൽ 29,26,470/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | 25477188 | 4162000 | 2926470 | 26172718 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10986620 |
| തൻവർഷം നിക്ഷേപിച്ച തുക | 426800 |
| ആകെ | 11413420 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11413420 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് | 24.09.2019 | 6 മാസം | 5854160 | |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 29.03.2020 | 6 മാസം | 5545760 | |
| 3 | മറ്റുള്ളവ | 31.03.2012 | | 13500 | |
| ആകെ | | | | 11413420 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 26,197/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-2 | 26197 | അസിസ്റ്റന്റ് എഞ്ചിനീയർ | 119010400003/23.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 202710539 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 136127465 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 648356 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 80010 | ശ്രീമതി. പുഷ്പലത എസ്, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-18 | 1000 | ഡോ. ശ്യാം, വെറ്റിനറി സർജൻ |
| 1-19 | 400000 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി |
| 1-20 | 131881 | ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി |
| 1-21 | 8927 | ശ്രീമതി. കൃഷ്ണ എസ് എസ്, കൃഷി ഓഫീസർ |
| 1-22 | 26538 | ശ്രീ. ജോൺ ഡെസ്മണ്‍, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 648356 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പുഷ്പലത എസ്,<br>ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>മുഖത്തലബ്ലോക്ക് | നന്ദനം<br>തറവാട് ജംഗ്ഷൻ<br>തഴുത്തല, കൊട്ടിയം<br>691571 |
| ഡോ.ശ്യാം, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>വെറ്റിനറി ഹോസ്പിറ്റൽ,<br>ചാത്തന്നൂർ | ബംഗ്ലാവ്<br>ചിറക്കരത്താഴം<br>കൊല്ലം |
| ശ്രീ. സുരേഷ് കുമാർ, സെക്രട്ടറി | | കൃഷ്ണതുളസി<br>ചെമ്മക്കാട് പി ഒ<br>പെരിനാട്, കൊല്ലം. |
| ശ്രീമതി. കൃഷ്ണ എസ് എസ്,<br>കൃഷി ഓഫീസർ | | കൃഷ്ണകൃപ, ഏറം<br>കാരംകോട് പി ഒ<br>ചാത്തന്നൂർ |
| ശ്രീ. ജോൺ ഡെസ്മണ്ട്, അസിസ്റ്റന്റ് സെക്രട്ടറി | | ഡ്രീംസ് ഡെയിൽ<br>മങ്ങാട് പി ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 1 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 2000 – 01 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 9 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.7-807(1)/19, തീ 12.6.19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.7-807(2)/19, തീ 12.6.19 | 24 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.7-807(3)/19, തീ 12.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.7-807(4)/19, തീ 12.6.19 | 3 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.7-807(5)/19, തീ 12.6.19 | 17 |
| 2012-13 | എൽ.എഫ്.ക്യു.പി7-365/15;22.04.2015 | 12 |
| 2013-14 & 2014-15 | എൽ.എഫ്.ക്യു.പി7-1574/15;19.10.2015 | 16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.8-1797/16; | 14 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7-1727/17;20.10.17 | 23 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7-1452/18 ; 05.12.18 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7-976/19, 03.09.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിരനപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്